A

812

# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് : 8

സമയം : 1½ മണിക്കൂർ

### അടിസ്ഥാനപാഠാവലി

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിനു ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**(4 x 1 = 4)**

1. "അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു -
മില്ലാതിരുന്നൊരാപ്പോയ കാലം"

ഇവിടെ കവി സൂചിപ്പിക്കുന്ന കാലം ഏതാണ്?

- ബാല്യം
- കൗമാരം
- യൗവനം
- വാർധക്യം

2. "നിങ്ങളിങ്ങനെ കണ്ണിച്ചോരയില്ലാതെ പറന്നല്ലോ." (ആ വാഴവെട്ട്)

അടിവരയിട്ട പ്രയോഗത്തിന്റെ അർഥമെന്ത്?

- സ്നേഹത്തോടെ പെരുമാറുക
- പിശുക്കു കാണിക്കുക
- ദയയില്ലാതെ പെരുമാറുക
- സഹാനുഭൂതി കാണിക്കുക

3. "എത്ര മൃദുലവും മനോഹരവുമാണ് ഓരോ തുകൽത്താളുകളും"

തുകൽത്താളുകൾ എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

- തുകലും താളുകളും
- തുകലാകുന്ന താളുകൾ
- തുകൽ കൊണ്ടുള്ള താളുകൾ
- തുകൽ എന്ന താളുകൾ

4. 'അത്യധികം' എന്ന പദം പിരിച്ചെഴുതിയാൽ

- അത് + അധികം
- അതി + അധികം
- അത്യ + ധികം
- അത്യ + അധികം

5. "ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും" (പുതുവർഷം)

ഈ വരികളിൽ പ്രകടമാവുന്ന ഭാവം?

- നിരാശ
- പ്രതീക്ഷ
- സഹതാപം
- വേദന

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിനു രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **(4 x 2 = 8)**

6. "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ -
ടൊപ്പമെന്നമ്മയും തുമ്പപോലെ"

അമ്മയെ തുമ്പപ്പൂവിനോട് സാദൃശ്യപ്പെടുത്താനുള്ള രണ്ടു കാരണങ്ങൾ എഴുതുക.

7. വാഴക്കൂട്ടത്തിന് നേർക്ക് കൈയോടിച്ചുകൊണ്ട് വൃദ്ധൻ തുടർന്നു: "ഇതാണ് എന്റെ അന്നന്നേപ്പം." **അന്നന്നേപ്പം** എന്നതു കൊണ്ട് മർക്കോസ് ചേട്ടൻ ഉദ്ദേശിക്കുന്നതെന്തെന്ന് വ്യക്തമാക്കുക.

8. "ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്തു കർക്കട -
ക്കാറ്റും മഴയും കൊടിചുരുക്കി"

**കർക്കടക്കാറ്റും മഴയും കൊടിചുരുക്കി** എന്നതു കൊണ്ട് സൂചിപ്പിക്കുന്നത് എന്താണ്? വ്യക്തമാക്കുക.

9. "രോഗം വന്നാൽ എല്ലാ വെട്ടിക്കളഞ്ഞാ മതിയോ?"

മർക്കോസ് ഇങ്ങനെ പറയാനിടയായ സാഹചര്യം എന്താവാം?

10. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

ജ്ഞാനിയുടെ മുമ്പിൽ അവൻ പിന്നെയും ചെന്നു നിന്നു. കണ്ട കാഴ്ചകളെല്ലാം വിശദമായിത്തന്നെ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(4 x 4 = 16)**

11. "എന്റെ മോളേ, നല്ലൊരു നോമ്പായിരുന്നു. കഞ്ഞിവെള്ളത്തിനു പകരം സൂപ്പാണല്ലോ കുടിക്കുന്നത്." (ആ വാഴവെട്ട്)

മർക്കോസ് ചേട്ടന്റെ ഈ വാക്കുകൾ റാഹേലിനോട് പറയുന്ന ഫലിതം മാത്രമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "ആരോടും ചേരുവാനാകാതെ, വൈദ്യുത-
വീചിപോലാപത്തായ് മാറും കാലം" (പുതുവർഷം)

കൗമാരകാലത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത്? വിശദീകരിക്കുക.

13. "എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക!" ഒരു സിംഹിയെപ്പോലെ തന്റേടത്തോടുകൂടി റാഹേൽ പറഞ്ഞു. അവളുടെ കൈയിൽ ഒരു കരിക്കുമുണ്ട്.

"പോ പെണ്ണേ, മരംകേറീ" (ആ വാഴവെട്ട്)

റാഹേലിനോടുള്ള ഉദ്യോഗസ്ഥരുടെ മറുപടിയിൽ തെളിയുന്ന മനോഭാവത്തെ വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയാറാക്കുക.

14. • "നീ നട്ടു ചെന്തളിർ മുറ്റി നിൽക്കും
തൂമുല്ലയുണ്ടിളം മൊട്ടിടുന്നു.
ആഴത്തിലിത്രയും താണിറങ്ങിപ്പോയ
വേരിനിയെങ്ങനെ നീ പറിക്കും?" (കൊച്ചനുജൻ)

• "എന്തിന്നു പൂക്കളം? എന്തിലും മീതെയാ -
ണമ്മുഖം സ്നേഹമായുജ്ജ്വലിക്കെ" (പുതുവർഷം)

ആഴത്തിൽ വേരോടിയ ആത്മബന്ധങ്ങളാണോ രണ്ടു രചനാഭാഗങ്ങളിലും അവതരിപ്പിക്കുന്നത്? താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

15. "ഭൂമിയിലായിരിക്കുമ്പോൾ ഒരു കീറ് ആകാശവും
ആകാശത്തായിരിക്കുമ്പോൾ
ഒരു പിടി മണ്ണും മനസ്സിൽ സൂക്ഷിക്കുക" (വേരും തളിരും)

ഈ കഥാഭാഗത്ത് തെളിയുന്ന ജീവിതസന്ദേശത്തിന്റെ സമകാലികപ്രസക്തി വിവരിക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(2 x 6 = 12)**

16. • "ഒരാളെ വിശ്വസിക്കുന്നതിനു മുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം"

• "ഈ ലോകത്തിലുള്ള സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടുതുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം." (എണ്ണ നിറച്ച കരണ്ടി)

എക്കാലത്തും പ്രസക്തമായ ജീവിതപാഠങ്ങളാണ് ജ്ഞാനി ഇടയബാലന് പകർന്നു നൽകുന്നത്. നൽകിയ സന്ദർഭങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് **ജ്ഞാനി പകരുന്ന ജീവിത പാഠങ്ങൾ** എന്ന വിഷയത്തിൽ ലഘൂപന്യാസം തയാറാക്കുക.

17. • "എന്റെ മോളേ, ഇതെങ്ങനെ കുടിക്കുന്നു? നാഴി കഞ്ഞിവെള്ളം പോലും ചൊവ്വേനേരെ കുടിക്കാനില്ല."

• "എല്ലുകൾ ഉന്തി നിൽക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർധനഗ്നമായ ശരീരവും ഒറ്റ നോട്ടത്തിൽ തന്നെ അയാളെ ഒരു കൃഷിക്കാരനെന്ന് വിളിച്ചു പറയും." (ആ വാഴവെട്ട്)

നൽകിയ സൂചനകൾ, പാഠഭാഗം എന്നിവ വിലയിരുത്തി **മർക്കോസ്** എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

18. "ഓണവും പൂവും മറന്ന മലയാള -
നാടിങ്ങു ഖിന്ന ഞാൻ നോക്കിനിൽപ്പൂ.
ഇത്തിരിമണ്ണില്ലാതെത്രപേർ; കൂടുപോൽ
കൊച്ചുവീടെത്ര; പൂവെങ്ങു പിന്നെ! " (പുതുവർഷം)

മലയാളനാടിനും ആഘോഷങ്ങൾക്കും വന്ന മാറ്റങ്ങളാണ് കവിയെ സങ്കടപ്പെടുത്തുന്നത്. ഈ കവിത നിങ്ങളുടെ മനസ്സിലുണർത്തിയ വികാരവിചാരങ്ങൾ സുഹൃത്തിനെ അറിയിക്കുന്നതിനുള്ള ഒരു കത്ത് തയാറാക്കുക.